മുഴുവൻ മുൻഗണനാക്രമത്തിൽ കരാറുകാർക്ക് അനുവദിച്ചു നൽകിയിട്ടുമുണ്ട്. അഞ്ച് നിയോജകമണ്ഡലങ്ങളിലെ പൈപ്പ്ലൈൻ, മോട്ടോർ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി ഒരു വർഷം 245 ലക്ഷം രൂപയാണ് വേണ്ടിവരുന്നത്. ഇപ്പോൾ ഇലക്ട്രിക്കൽപ്പണികൾ ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾക്കായി 233.53 ലക്ഷം രൂപയുടെ ബില്ലുകൾ 2009 ഓഗസ്റ്റ് മാസം മുതൽ ഡിവിഷൻ ഓഫീസിൽ കുടിശ്ശികയാണ്.

7. ഗസറ്റ് വിജ്ഞാപനത്തിലെ അപാകതകൾ

ശ്രീമതി ജെ. അരുന്ധതി : സർ, എന്റെ മണ്ഡലത്തിൽപ്പെട്ട നന്ദിയോട് പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെ കൈവശ ഭൂമിയിൽ അവരുടെ സർവ്വേ നമ്പരിൽപ്പെട്ട വസ്തുക്കൾ ഗവൺമെന്റ് ഭൂമിയായി ആർ.ഡി.ഒ.-യുടെ ഒരു പ്രസിദ്ധീകരണത്തിൽ വന്നിട്ടുള്ള അപാകതയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. നന്ദിയോട് പഞ്ചായത്തിലെ പേരയം പ്രദേശത്ത് സർവ്വേ നമ്പർ 1183 മുതൽ 1187 വരെയുള്ള ഭൂമി അതായത് വില വസ്തുവും അതുപോലെ ഓഹരി കിട്ടിയതും പട്ടയം വരെ ലഭിച്ചിട്ടുള്ളതുമായ തനത് ഭൂമികൾ ഒരു ഗസറ്റ് വിജ്ഞാപനത്തിൽക്കൂടി ഗവൺമെന്റിന്റെ ഭൂമിയായി നമ്പരിട്ട് വന്നിരിക്കുന്നതിനാൽ കൈമാറ്റം ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, 2010-ൽ ഭൂമിയുടെ താരിഫ് സംബന്ധമായി പുറത്തിറക്കിയ വിജ്ഞാപനത്തിൽ തിരുവനന്തപുരം ജില്ലയിലെ സ്വകാര്യ വസ്തുക്കളിൽ ചിലത് സർക്കാർ ഭൂമി എന്ന് പിശകായി രേഖപ്പെടുത്തിയിട്ടുണ്ട്. കക്ഷികളിൽനിന്ന് ലഭിക്കുന്ന അപേക്ഷകളുടേയും അല്ലാതെ ലഭിക്കുന്ന അറിവിന്റെയും അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ച് പ്രസ്തുത പിശക് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. 2010-ൽ പ്രസിദ്ധീകരിച്ച അന്തിമ ഫെയർവാല്യു വിജ്ഞാപനത്തിൽ തിരുവനന്തപുരം ജില്ലയിലും സംസ്ഥാനത്തെ മറ്റ് ജില്ലകളിലും മേൽ പ്രസ്താവിച്ച അപാകതയ്ക്ക് പുറമെ സർവ്വേ നമ്പരിലെ വ്യത്യാസം, ഭൂമിയുടെ ഇനം, തരം എന്നിവ രേഖപ്പെടുത്തിയതിലെ വ്യത്യാസം തുടങ്ങിയ വിഷയങ്ങളുൾപ്പെടെ കടന്നുകൂടിയിട്ടുള്ള എല്ലാ പോരായ്മകളും അതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനും കൂടാതെ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലെ മറ്റ് ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുമായി 1959-ലെ കേരളാ മുദ്രപ്പത്ര നിയമം 28 എ വകുപ്പ്, 1995-ലെ കേരളാ മുദ്രപ്പത്ര ചട്ടങ്ങളിലെ ഭൂമിയുടെ ന്യായവില നിർണ്ണയിക്കൽ ചട്ടം 5 എന്നിവയ്ക്ക് വിധേയമായി ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. 25-10-2009-ലെ വിജ്ഞാപന പ്രകാരം കേരളാ മുദ്രപ്പത്ര നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി മൂന്ന് മാസത്തിൽനിന്ന് ഒരു വർഷത്തേക്ക് നീട്ടിയിട്ടുള്ളതും കൂടാതെ മതിയായ കാരണമുണ്ടെന്ന് കളക്ടർക്ക് ബോധ്യപ്പെടുന്ന സംഗതികളിൽ പ്രസ്തുത കാലാവധിക്കുശേഷം സമർപ്പിക്കുന്ന അപ്പീലുകളും പരിഗണിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവർ ഫയൽ ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

തീയതിമുതൽ അറുപത് ദിവസത്തിനകം അപ്പീലുകളിന്മേൽ തീർപ്പ് കൽപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭൂമിയുടെ താരിഫ് സംബന്ധമായി പുറത്തിറക്കിയ വിജ്ഞാപനത്തിലെ അപാകതകളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് മേൽ പ്രസ്താവിച്ച നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

8. ചരിത്ര പൈതൃക പഠന കേന്ദ്രം

ശ്രീ. എം. കെ. പ്രേംനാഥ് : സർ, വടകര തച്ചോളി ഒതേനന്റെയും ഉണ്ണിയാർച്ച തുടങ്ങിയ പോരാളികളുടേയും കളരികളുടേയും നാടാണ്. വടക്കൻ പാട്ടുകൾ പഴയ ചരിത്ര സംഭവങ്ങളെ കുറിച്ചുള്ളവയാണ്. വടക്കൻ പാട്ടിലെ ചരിത്ര സംഭവങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും അതുപോലെതന്നെ വടകര തച്ചോളി മാണിക്കോത്ത് തറവാട് ഒരു ചരിത്ര സ്മാരകമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, വടക്കൻപാട്ടുകൾക്ക് പ്രസിദ്ധമായ വടകരയിലെ ലോകനാർകാവ് ക്ഷേത്രം സംസ്ഥാന പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. കാസർഗോഡ് മുതൽ കോരപ്പുഴ വരെ വടക്കേ മലബാറിൽ പ്രചാരത്തിലുള്ള വടക്കൻ പാട്ടുകളെക്കുറിച്ച് നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ പി.എച്ച്.ഡി. പ്രബന്ധങ്ങളുൾപ്പെടെ നിരവധി ഗ്രന്ഥങ്ങളും പ്രസിദ്ധികരിച്ചിട്ടുണ്ട്. വടക്കൻ പാട്ടുകൾ ഉൾപ്പെടെ കേരളത്തിലെ നാടൻപാട്ടുകളെക്കുറിച്ച് പഠനം നടത്തുന്നതിന് ഫോക്‌ലോർ അക്കാഡമിയിൽ ഒരു പ്രത്യേക പഠന ഗവേഷണ വിഭാഗം സ്ഥാപിക്കുന്നതാണ്.

9. പൂജാരിമാർക്ക് ക്ഷേമനിധി

ശ്രീമതി പി. അയിഷാ പോറ്റി : സർ, സ്വകാര്യ ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് എന്റെ സബ്മിഷൻ. സ്വകാര്യ ക്ഷേത്ര ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഈ സർക്കാർ ആലോചിച്ചിട്ടുണ്ട്. ക്ഷേത്രത്തിലെ പൂജാരിമാരൊഴികെ എന്നാണ് ഇപ്പോൾ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. അത് മാറ്റി ക്ഷേത്ര പൂജാരിമാരെക്കൂടി ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : സർ, A Poojari or a Priest cannot be treated as a workman എന്ന് 1969-ലെ ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ടാണ് പൂജാരിമാരെ ചേർക്കാതിരുന്നത്. ദയവായി ശ്രീമതി അയിഷാ പോറ്റി എം.എൽ.എ. അക്കാര്യത്തിൽ ക്ഷമിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly